# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ എറണാകുളം ജില്ല

പ്രവചന കാലയളവ് 09.8.2022 മുതൽ 13.8.2022 വരെ

കേരള കാർഷിക സർവ്വകലാശാല
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കരയും
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 32/2022,(63) തിങ്കളാഴ്ച | തീയ്യതി: 08/8/2022 |
|---|---|

## 1. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 09.08.2022 | 10.08.2022 | 11.08.2022 | 12.08.2022 | 13.08.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 11 | 10 | 5 | 3 |
| ഉയർന്ന താപനില (°C) | 29 | 29 | 29 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 8 | 5 | 5 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 270 | 250 | 270 | 320 |
| മേഘവ്യാപ്തി (ഒക്ട്സ) | 8 | 8 | 8 | 6 | 6 |

| അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം | | | | |
|---|---|---|---|---|
| 2022 ആഗസ്റ്റ് 09 | 2022 ആഗസ്റ്റ് 10 | 2022 ആഗസ്റ്റ് 11 | 2022 ആഗസ്റ്റ് 12 | 2022 ആഗസ്റ്റ് 13 |
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 2: വിള പരിപാലനത്തിനുള്ള കാർഷിക നിർദ്ദേശങ്ങൾ (RRS Vyttila)

3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതു നിർദേശങ്ങൾ: മഴയ്ക്ക് സാധ്യതയുള്ളതിനാൽ, നെല്പാടങ്ങളിലും കൃഷിയിടങ്ങളിലും നീർവാർച്ചസൗകര്യങ്ങൾ ഉറപ്പാക്കുകകാറ്റിന സാധ്യതയുള്ളതിനാൽ . വാഴയ്ക്ക് താങ്ങുകാൽ നൽകി സംരക്ഷിക്കുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക .ആവശ്യമെങ്കിൽ മാത്രം നാലഞ്ച് മണിക്കൂർ മഴയില്ലാത്ത സമയത്ത് കീടനാശിനികൾ പശ ചേർത്ത് തളിക്കാവുന്നതാണ്.കന്നുകാലികളെ സുരക്ഷിതമായ സ്ഥലങ്ങളിൽ പാർപ്പിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് ചിനപ്പ്- വിരിപ്പ്- പൊട്ടുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചിൽ | മഴക്കാലത്ത് നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇല കരിച്ചിൽ രോഗത്തിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും, 20 ഗ്രാം സ്യൂഡോമോണാസ് കലക്കിയതും ചേർത്ത് തളിച്ചുകൊടുക്കുക. രോഗം പടരുന്നത് തടയാൻ ഒരു ഏക്കറിന് 100 ഗ്രാം ബ്ലീച്ചിംഗ് പൗഡർ 20 കിഴികളിലായി കെട്ടി വെള്ളചാലിൽ ഇട്ടുകൊടുക്കുക. രോഗം രൂക്ഷമാകുമ്പോൾ ആന്റിബയോട്ടിക്കായ സ്ട്രെപ്റ്റോസൈക്ലിൻലിറ്റർ 30 ഗ്രാം 6 വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക |
| നെല്ല് (പൊക്കാളി) | നെല്ലി കോഴി | നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിച്ചും നെൽച്ചെടിയുടെ മുകളിലായി കയറുകൾ നിശ്ചിത അകലത്തിൽ സമാന്തരമായി കെട്ടുന്നതും നീലക്കോഴികളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സഹായിക്കുന്നു. |
| മരചീനി | വേര് ചീയൽ | കൃഷിയിട ശുചീകരണം; വിളപരിക്രമണം; നീർവാർച്ച ക്രമീകരിക്കുക; ചെടിയൊന്നിന് 150-250 ഗ്രാം കുമ്മായം ചേർക്കുക; രോഗമില്ലാത്ത കമ്പ് മാത്രം നാടാൻ ഉപയോഗിക്കുക; ചെടിയൊന്നിന് 20 ഗ്രാം വേപ്പിൻ പിണ്ണാക്ക് ഇടുക; 1 കി. ഗ്രാം. ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം നൽകുക; നടീൽ വസ്തു 0.1 % കാർബെൻഡാസിം അല്ലെങ്കിൽ കാർബെൻഡാസിം-മാങ്കോസെബ് കുമിൾനാശിനി മിശ്രിതത്തിൽ (0.2%) 10 മിനിറ്റ് മുക്കി വച്ച ശേഷം നടുക; അതോടൊപ്പം ഇതേ കുമിൾനാശിനികളിൽ ഏതെങ്കിലും നടീൽ സമയം മുതൽ 15 ദിവസ ഇടവേളകളിൽ 3 പ്രാവശ്യം തളിച്ച് കൊടുക്കുക. |

മത്സ്യകൃഷിപരിപാലനം -ആസ്സാം വാള / മലേഷ്യൻ വാള / കുറി വള എന്നറിയപ്പെടുന്ന പങ്കാഷ്യസ് മത്സ്യങ്ങൾ സെന്റിന് 500 എണ്ണം എന്ന തോതിൽ സ്റ്റോക്ക് ചെയ്യാവുന്നതാണ്. അവയ്ക്ക് അന്തരീക്ഷത്തിൽ നിന്ന് ഓക്സിജൻ വലിച്ചെടുക്കാനുള്ള കഴിവുണ്ട്.